ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# റസൂലിന്റെ അഞ്ച് ഉത്കൃഷ്ട ഗുണങ്ങൾ

عَنْ أَبِي عَبْدِ اللهِ الْجَدَلِيِّ قَالَ: سَأَلْتُ عَائِشَةَ -رَضِيَ اللهُ عَنْهَا عَنْ خُلُقِ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَتْ: لَمْ يَكُنْ فَاحِشًا، وَلا مُتَفَحِّشًا وَلا صَخَّابًا فِي الأَسْوَاقِ، وَلا يَجْزِئُ بِالسَّيِّئَةِ السَّيِّئَةَ، وَلَكِنْ يَعْفُو وَيَصْفَحُ. (سنن الترمذي)

**അബൂ അബ്ദുല്ലാ അൽ ജദലി പറയുന്നു: ഞാൻ ആഇശ(റ)യോട് അല്ലാഹുവിന്റെ റസൂലിന്റെ സ്വഭാവത്തെക്കുറിച്ച് ചോദിച്ചു. അവർ പറഞ്ഞു: 'അദ്ദേഹം അസഭ്യം പറയുന്നവനായിരുന്നില്ല; ദുഃസ്വഭാവിയുമായിരുന്നില്ല. അങ്ങാടികളിൽ ബഹളമുണ്ടാക്കിയിരുന്നില്ല. തിന്മയെ തിന്മ കൊണ്ടല്ല പ്രതിരോധിച്ചിരുന്നത്. മറിച്ച്, വിട്ടുവീഴ്ച ചെയ്യുന്നവനും മാപ്പ് നൽകുന്നവനുമായിരുന്നു' (തിർമിദി).**

'നീ മഹത്തായ സ്വഭാവത്തിനുടമ തന്നെ; തീർച്ച' (ഖുർആൻ 68:4) എന്നത് മുഹമ്മദ് നബി(സ)ക്ക് അല്ലാഹു നൽകിയ മുദ്രയായിരുന്നു. റസൂൽ (സ) ഇത് അക്ഷരാർഥത്തിൽ യാഥാർഥ്യമാക്കി.

സഈദു ബ്നു ഹിശാം പറയുന്നു: ഞാൻ ആഇശ(റ)യോട് അല്ലാഹുവിന്റെ റസൂലിന്റെ സ്വഭാവത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ അവർ ചോദിച്ചു: 'താങ്കൾ ഖുർആൻ വായിക്കാറില്ലേ...?'

'അതേ.'

'അല്ലാഹുവിന്റെ റസൂലിന്റെ സ്വഭാവം ഖുർആൻ ആയിരുന്നു' (ത്വബരി).

ജീവിക്കുന്ന ഖുർആൻ ആയിരുന്നു റസൂൽ. വിശുദ്ധ ഖുർആൻ വിലക്കിയ യാതൊരു ദുഃസ്വഭാവവും നബി(സ)യുടെ ജീവിതത്തിലുണ്ടായിരുന്നില്ല.

മുകളിലെ ഹദീസിൽ തിരുദൂതരുടെ അഞ്ച് സ്വഭാവങ്ങളാണ് എടുത്തു കാട്ടുന്നത്. ചീത്ത വാക്കും അനാവശ്യ വർത്തമാനവും ഉപേക്ഷിച്ചിരുന്നു എന്നതാണ് ഒന്നാമത്തേത്. നാവിനെ സകല ദൂഷ്യങ്ങളിൽനിന്നും അകറ്റിനിർത്തി. നാവിന്റെ വിളകളാണ് അധികമാളുകളെയും നരകത്തിൽ വീഴ്ത്തുന്നതെന്ന് റസൂൽ (സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (തിർമിദി). ഹൃദയം ശരിയാകാതെ ഈമാനോ, നാവ് ശരിയാകാതെ ഹൃദയമോ നന്നാവില്ലെന്ന് ഹദീസിൽ കാണാം (അഹ്മദ്). 'മൗനം പാലിച്ചവൻ വിജയം വരിച്ചു' എന്ന് നബി പ്രഖ്യാപിച്ചത് (മിർഖാത്ത്) നാവിനെ തെറ്റുകളിൽനിന്ന് അകറ്റാനാണ്. രണ്ട് താടിയെല്ലുകൾക്കിടയിലും രണ്ട് കാലുകൾക്കിടയിലും ഉള്ളവയെ സൂക്ഷിക്കുമെന്ന് ഉറപ്പ് നൽകുന്നവന് ഞാൻ സ്വർഗം ഉറപ്പ് നൽകുന്നു എന്ന് തിരുറസൂൽ സന്തോഷവാർത്ത അറിയിച്ചു (ബുഖാരി).

മ്ലേഛവൃത്തികൾ ചെയ്തിരുന്നില്ല എന്നതാണ് രണ്ടാമത്തേത്. തിരുമേനിയുടെ പ്രകൃതം തന്നെ തിന്മയെ വെറുത്തിരുന്നു. തന്റെ അനുയായികളെയും ഇക്കാര്യം ഉണർത്തി: 'പരലോകത്ത് എനിക്കേറെ വെറുപ്പുള്ളവനും എന്നിൽനിന്ന് ഏറെ അകന്നവനും നിങ്ങളിലേറ്റം സ്വഭാവദൂഷ്യമുള്ളവനാണ്' (അഹ്മദ്).

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: 'ആരുടെ കാതുകളാണോ ജനങ്ങളുടെ പ്രകീർത്തനങ്ങളാൽ അല്ലാഹു നിറച്ചത് അവരാണ് സ്വർഗക്കാർ. ആരുടെ കാതുകളാണോ ജനങ്ങളുടെ അധിക്ഷേപങ്ങളാൽ അല്ലാഹു നിറച്ചത് അവരാണ് നരകക്കാർ' (ഇബ്നുമാജ).

ഇമാം ഗസ്സാലി എഴുതി: 'ചീത്ത പെരുമാറ്റങ്ങൾ ഹൃദയങ്ങളുടെ രോഗങ്ങളാണ്. ആത്മാവിന്റെ അസുഖങ്ങളുമാണ്. ഈ രോഗങ്ങൾ പിടിപെട്ടവരുടെ എന്നത്തെയും ജീവിതം നഷ്ടപ്പെടുന്നു.'

അങ്ങാടികളിൽ ബഹളമുണ്ടാക്കുന്നവനായിരുന്നില്ല എന്നതാണ് മൂന്നാമത്തേത്. എവിടെയായിരുന്നാലും അനിവാര്യ ഘട്ടങ്ങളിലല്ലാതെ ശബ്ദമുയർത്തുന്നത് നബി (സ) ഇഷ്ടപ്പെട്ടിരുന്നില്ല. വിശുദ്ധ ഖുർആൻ അഭ്യസിപ്പിച്ച പെരുമാറ്റ മര്യാദകളിലൊന്നായിരുന്നു അത്. അല്ലാഹു അരുളി: ''നീ നിന്റെ നടത്തത്തിൽ മിതത്വം പുലർത്തുക. ശബ്ദത്തിൽ ഒതുക്കം പാലിക്കുക. തീർച്ചയായും ഒച്ചകളിലേറ്റം അരോചകം കഴുതയുടെ ശബ്ദം തന്നെ!'' (31:19). ഈ സൂക്തം വിശദീകരിച്ച് ഇമാം ഖുർത്വുബി എഴുതി: 'ഈ വാക്യം ആളുകളെ അവഹേളിക്കുന്ന തരത്തിൽ അട്ടഹസിക്കുന്നത് ഉപേക്ഷിക്കാനുള്ള അല്ലാഹുവിന്റെ ആജ്ഞയാണ്. എല്ലാത്തരം ഒച്ചവെക്കലിനെയും ഇത് തടയുന്നു. കൂടുതൽ ശബ്ദമുള്ളവരെ അറബികൾ ഏറെ ഇഷ്ടപ്പെടുകയും ആദരിക്കുകയും ചെയ്തിരുന്നു. ശബ്ദം കുറഞ്ഞവരെ അവർ നിസ്സാരമാക്കിയിരുന്നു. ഈ ജാഹിലീ സംസ്കാരത്തെയാണ് അല്ലാഹു തിരുത്തിയത്.'

തിന്മയെ തിന്മ കൊണ്ട് തടഞ്ഞിരുന്നില്ല എന്നതാണ് നാലാമത്തേത്. തിന്മയെ നന്മ കൊണ്ടാണ് പ്രതിരോധിക്കേണ്ടതെന്നത് വിശുദ്ധ ഖുർആന്റെ ആഹ്വാനമാണ്:

''നന്മയും തിന്മയും തുല്യമാവുകയില്ല. തിന്മയെ ഏറ്റവും നല്ല നന്മ കൊണ്ട് തടയുക. അപ്പോൾ നിന്നോട് ശത്രുതയിൽ കഴിയുന്നവൻ ആത്മമിത്രത്തെപ്പോലെയായിത്തീരും'' (41: 34).

ഈ വാക്യത്തെ വിശദീകരിച്ച് ഇമാം ത്വബരി എഴുതി: 'ദേഷ്യമുണ്ടാകുമ്പോൾ ക്ഷമിക്കണമെന്നും തിന്മകൾ കാണുമ്പോൾ സഹനമവലംബിക്കണമെന്നുമാണ് അല്ലാഹു അനുശാസിക്കുന്നത്. ഇപ്രകാരം ചെയ്യുന്നവർക്ക് അല്ലാഹു പിശാചിൽനിന്നും സംരക്ഷണം നൽകുന്നു. ശത്രുക്കളെ അവന് കീഴ്പ്പെടുത്തിക്കൊടുക്കുന്നു. എതിരാളികൾ ഉറ്റമിത്രങ്ങളായി മാറുന്നു.'

വിട്ടുവീഴ്ച ചെയ്യലും മാപ്പു നൽകലുമാണ് അവസാനമായി പറയുന്നത്. നബി(സ)യുടെ പെരുമാറ്റത്തിലെ പ്രധാന ഘടകമായിരുന്നു ഇവ രണ്ടും. 'അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ?' എന്ന ഖുർആനികാധ്യാപനത്തെ നബി (സ) പൂർണമായും അനുധാവനം ചെയ്തു. വിട്ടുവീഴ്ച പ്രതാപമല്ലാതെ വർധിപ്പിക്കുകയില്ല എന്നും വിനീതനെ അല്ലാഹു അത്യുന്നതനാക്കുമെന്നും റസൂൽ വിശ്വാസികളെ ഉണർത്താറുണ്ടായിരുന്നു (മുസ്‌ലിം). ●